**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 417** **11-06-2024 - ൽ മറുപടിയ്ക്ക്**

**ശമ്പളപരിഷ്കരണ കുടിശിക വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2019-ലെ ശമ്പളപരിഷ്കരണ കുടിശിക ഇനത്തിൽ എത്ര തുക അനുവദിക്കാൻ ഉണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കുടിശിക എത്ര ഗഡുക്കളായി ഏതൊക്കെ സമയത്ത് വിതരണം ചെയ്യുമെന്നായിരുന്നു മുൻ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ചതെന്ന് വ്യക്തമാക്കാമോ; ഈ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എത്ര ഗഡുക്കൾ നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്; ഇല്ലെങ്കിൽ പ്രസ്തുത തുക നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക ബില്ലുകൾ ഇതുവരെ സ്പാർക്കിൽ പ്രോസസ്സ് ചെയ്യാത്തതിനാൽ ഈ ഇനത്തിൽ ആകെ എത്ര തുകയാണ് അനുവദിക്കാനുള്ളത് എന്ന ആധികാരിക കണക്ക് ലഭ്യമല്ല. എന്നാൽ ശമ്പള പരിഷ്കരണ കമ്മീഷൻ അവലംബിച്ച താൽക്കാലിക കണക്കുകൾ പ്രകാരം ഈ ഇനത്തിൽ ഏകദേശം 3,572.13/- കോടി രൂപയുടെ കുടിശ്ശിക പ്രതീക്ഷിക്കുന്നു. പ്രസ്തുത കുടിശ്ശിക 25% വീതം നാലു ഗഡുക്കളായി 01.04.2023, 01.10.2023, 01.04.2024 & 01.10.2024 തീയതികളിലായി ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിൽ അടവാക്കുമെന്ന് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവിലെ ഖണ്ഡിക 43 – ൽ പ്രതിപാദിച്ചിരുന്നു. എന്നാൽ സംസ്ഥാനം നേരിടുന്ന സാമ്പത്തിക ഞെരുക്കം കാരണം ശമ്പള പരിഷ്കരണ കുടിശ്ശിക ശമ്പള പരിഷ്കരണ ഉത്തരവിൽ വ്യവസ്ഥ ചെയ്ത പ്രകാരം അനുവദിക്കുന്നതിന് സാധ്യമായ ഒരു സാഹചര്യമല്ല പിന്നീട് ഉണ്ടായത്. ഈ സാഹചര്യത്തിൽ, ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ആദ്യ രണ്ടു ഗഡുക്കൾ ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിൽ അടവാക്കുന്നത് നീട്ടി വച്ചു കൊണ്ട് സർക്കാർ യഥാക്രമം 30.03.2023 ലെ സ.ഉ(അ) നം.31/2023/(34)/ ധന ഉത്തരവ്, 10.10.2023 ലെ സ.ഉ(കൈ)നം. 151/2023/(42)/ധന ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. |
| (ബി) | എത്ര ഗഡു കുടിശികവിതരണം നിലവിൽ നീട്ടി വച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; നീട്ടിവെച്ച ഗഡുക്കൾ ഉൾപ്പെടെ മുഴുവൻ ശമ്പളപരിഷ്കരണ കുടിശിക എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (ബി) | 10.02.2021 ലെ സ.ഉ(അ)നം.27/2021/ധന നമ്പർ പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവിന്റെ ഭാഗമായിട്ട് രണ്ടു ഗഡു കുടിശ്ശിക വിതരണം നിലവിൽ നീട്ടി വച്ചിട്ടുണ്ട്. 01.04.2023, 01.10.2023 എന്നീ തീയതികളിൽ ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിൽ അടവാക്കുമെന്ന് ശമ്പള പരിഷ്കരണ ഉത്തരവിൽ പ്രതിപാദിച്ചിരുന്ന ആദ്യ ഗഡുവും രണ്ടാം ഗഡുവും നീട്ടി |

| | | | |
|---|---|---|---|
| | | | വച്ച കൊണ്ട് സർക്കാർ യഥാക്രമം 30.03.2023 ലെ സ.ഉ(അ)നം.31/2023/(34)/ധന ഉത്തരവ്, 10.10.2023 ലെ സ.ഉ(കൈ)നം. 151/2023/(42)/ ധന ഉത്തരവ് എന്നിവ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്കും ഈ ശമ്പള പരിഷ്കരണ കുടിശ്ശിക ബാധ്യത നിർവ്വഹിക്കാൻ പര്യാപ്തമാകുന്ന ഘട്ടത്തിലും കുടിശ്ശിക അനുവദിക്കുന്ന കാര്യം സർക്കാർ ഉചിതമായി പരിഗണിക്കുന്നതാണ്. |
| (സി) | പെൻഷൻ പരിഷ്കരണത്തിന്റെ കുടിശികകളുക എത്ര ഗഡുക്കളായി ഏതൊക്കെ ഘട്ടങ്ങളിൽ വിതരണം ചെയ്യുമെന്നായിരുന്നു പ്രഖ്യാപിച്ചതെന്ന് അറിയിക്കാമോ; പ്രസ്തുത ഗഡുക്കൾ വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ; | (സി) | പതിനൊന്നാം പെൻഷൻ പരിഷ്കരണത്തിന്റെ കുടിശ്ശിക നാല് ഗഡുക്കളായി യഥാക്രമം ഏപ്രിൽ 2021, മേയ് 2021, ഓഗസ്റ്റ് 2021 & നവംബർ 2021 തീയതികളിൽ വിതരണം ചെയ്യുമെന്ന് 23.02.2021 ലെ സ.ഉ (അ) നം. 35/2021/ധന പ്രകാരം ഉത്തരവായിരുന്നു. പെൻഷൻ പരിഷ്കരണ കുടിശ്ശിക, ക്ഷാമാശ്വാസ കുടിശ്ശിക എന്നിവയുടെ മൂന്നും നാലും ഗഡുക്കൾ വിതരണം ചെയ്യുന്നത് 2023-24 സാമ്പത്തികവർഷത്തെ സംസ്ഥാനത്തിന്റെ ധനസ്ഥിതിയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണെന്ന് 17/02/2023 ലെ സ.ഉ(അ)നം.15/2023/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. നിലവിൽ, സാമ്പത്തിക ഞെരുക്കത്തിനിടയിലും സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 15.03.2024 -ലെ സ.ഉ(അ)നം.21/2024/ധന പ്രകാരം പതിനൊന്നാം പെൻഷൻ പരിഷ്കരണത്തിന്റെ ഭാഗമായി ലഭിക്കേണ്ട മൂന്നാം ഗഡു അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. |
| (ഡി) | പെൻഷൻ പരിഷ്കരണ കുടിശിക വിതരണത്തിലെ കാലതാമസത്തെ തുടർന്ന് ആനുകൂല്യം ലഭിക്കാതെ ഈ കാലയളവിൽ എത്ര വിരമിച്ച ജീവനക്കാർ മരണപ്പെട്ടുവെന്ന് വ്യക്തമാക്കുമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഇ) | സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പള പരിഷ്കരണത്തിനായി പുതിയ കമ്മീഷനെ നിയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | തീരുമാനമെടുത്തിട്ടില്ല |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ആദ്യ ഗഡു ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നത് – നീട്ടിവെച്ച കൊണ്ട്– ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (അനോമലി റെക്ടിഫിക്കേഷൻ സെൽ) വകുപ്പ്**

**സ.ഉ(അ) നം. 31/2023/(34)/ധന. തിരുവനന്തപുരം, തീയതി, 30.03.2023**

---

പരാമർശം – 1. സ.ഉ (അ) നം.27/2021/ധന. തീയതി 10.02.2021
2. സ.ഉ (അ) നം.42/2021/ധന. തീയതി 26.02.2021
3. സ.ഉ (അ) നം.21/2022/ധന. തീയതി 18.02.2022

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാർ ജീവനക്കാരുടേയും അധ്യാപകരുടേയും , സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിലെ ജീവനക്കാരുടേയും ശമ്പള സ്കെയിലുകൾ 01.07.2019 പ്രാബല്യത്തിൽ പരിഷ്കരിച്ച കൊണ്ട് പരാമർശം (1) മുതൽ (3) വരെ പ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതാണ് . പ്രസ്തുത ഉത്തരവുകളിൽ പരാമർശം (1) ഖണ്ഡിക 43, പരാമർശം (3) ഖണ്ഡിക 34 എന്നിവ പ്രകാരം 01.07.2019 മുതൽ 28.02.2021 വരെയുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക 4 ഗഡുക്കളായി 25% വീതം 01.04.2023, 01.10.2023, 01.04.2024, 01.10.2024 തീയതികളിലായി ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതാണെന്ന് വ്യക്തമാക്കിയിരുന്നു.

**2)** പതിനൊന്നാം ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായിട്ടുള്ള കുടിശ്ശിക തുകയുടെ ആദ്യ ഗഡുവായ 25% തുക ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിൽ 01.04.2023 തീയതിയിൽ ക്രെഡിറ്റ് ചെയ്യേണ്ടതാണ് . എന്നാൽ സംസ്ഥാനത്തെ നിലവിലെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ സർക്കാർ പ്രസ്തുത വിഷയം പുന:പരിശോധിക്കുകയും കുടിശ്ശികയുടെ ആദ്യ ഗഡു 01.04.2023 തീയതിയിൽ അനുവദിക്കുന്നതിലൂടെ ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയെ കൂടുതൽ പ്രതിസന്ധിയിലാക്കും എന്ന് വിലയിരുത്തുകയും ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ആദ്യ ഗഡു 01.04.2023 ന് ജീവനക്കാരുടെ പി .എഫ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നത്, ഇത് സംബന്ധിച്ച് ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നത് വരെ, നീട്ടിവെച്ച കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**3)** ഈ ഉത്തരവ് പരാമർശം (1), (3) ഉത്തരവുകൾ പ്രകാരം ശമ്പളം പരിഷ്കരിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങൾക്കും ബാധകമായിരിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**ബിശ്വനാഥ് സിൻഹ**
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ് :- 1) അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
2) അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-II), കേരള, തിരുവനന്തപുരം.
3) സെക്രട്ടേറിയറ്റിലെ പൊതുഭരണം, നിയമം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലെയും എല്ലാ സെക്ഷനുകൾക്കും
4) എല്ലാ വകുപ്പുകൾക്കും വകുപ്പുതലവൻമാർക്കും.
5) സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
6) രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
7) അഡ്വക്കേറ്റ് ജനറൽ, എറണാകുളം
8) എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറി/ സ്പെഷ്യൽ സെക്രട്ടറി/ അഡീഷണൽ സെക്രട്ടറി/ ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ.
9) ഗവർണറുടെ സെക്രട്ടറി.
10) മുഖ്യമന്ത്രിയുടെയും മറ്റ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
11) പ്രതിപക്ഷ നേതാവിന്റെയും ഗവണ്മെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ.
12) ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
13) ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറി.
14) ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസിലെ ഡെപ്യൂട്ടി സെക്രട്ടറി
15) എല്ലാ സർവ്വകലാശാലകളുടേയും രജിസ്ട്രാർമാർക്ക്.
16) ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
17) എല്ലാ ജില്ലാ ട്രഷറികൾക്കും സബ് ട്രഷറികൾക്കും.
18) നോഡൽ ഓഫീസർ, www.finance.kerala.gov.in, ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
19) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ.
20) സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി **(E-2348653)**

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശ്ശികയുടെ രണ്ടാം ഗഡു ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നത് - നീട്ടിവെച്ചു കൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (അനോമലി റെക്ടിഫിക്കേഷൻ സെൽ) വകുപ്പ്**

**സ.ഉ (കൈ) നം. 151/2023/(42)/ധന.** **തിരുവനന്തപുരം, തീയതി, 10/10/2023**

---

പരാമർശം - 1. സ.ഉ (അ) നം.27/2021/ധന. തീയതി 10.02.2021
2. സ.ഉ (അ) നം.42/2021/ധന. തീയതി 26.02.2021
3. സ.ഉ (അ) നം.21/2022/ധന. തീയതി 18.02.2022
4. സ.ഉ (അ) നം.31/2023/(34)/ധന. തീയതി 30.03.2023

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാർ ജീവനക്കാരുടേയും അധ്യാപകരുടേയും, സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിലെ ജീവനക്കാരുടേയും ശമ്പള സ്കെയിലുകൾ 01.07.2019 പ്രാബല്യത്തിൽ പരിഷ്കരിച്ചു കൊണ്ട് പരാമർശം (1) മുതൽ (3) വരെ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവുകളിൽ പരാമർശം (1) ഖണ്ഡിക 43, പരാമർശം (3) ഖണ്ഡിക 34 എന്നിവ പ്രകാരം 01.07.2019 മുതൽ 28.02.2021 വരെയുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക 4 ഗഡുക്കളായി 25% വീതം 01.04.2023, 01.10.2023, 01.04.2024, 01.10.2024 തീയതികളിലായി ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതാണെന്ന് സർക്കാർ വ്യക്തമാക്കിയിരുന്നു.

2) സംസ്ഥാനം അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്ന അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ആദ്യ ഗഡു ജീവനക്കാരുടെ പി .എഫ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നത് നീട്ടി വെച്ചു കൊണ്ട് പരാമർശം (4) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു . സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിയ്ക്ക് അയവ് വന്നിട്ടില്ലാത്ത നിലവിലെ സാഹചര്യത്തിൽ പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശ്ശികയുടെ രണ്ടാം ഗഡു 01.10.2023 ന് ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നത്, ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നത് വരെ നീട്ടിവെച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) ഈ ഉത്തരവ് പരാമർശം (1), (3) ഉത്തരവുകൾ പ്രകാരം ശമ്പളം പരിഷ്കരിച്ച സംസ്ഥാനത്തെ എല്ലാ വകുപ്പകൾക്കും സർവ്വകലാശാലകൾക്കും ബാധകമായിരിക്കുന്നതാണ്

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**രബീന്ദ്ര കുമാർ അഗർവാൾ**
**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ് :-

1) അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
2) അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-II), കേരള, തിരുവനന്തപുരം.
3) സെക്രട്ടേറിയറ്റിലെ പൊതുഭരണം, നിയമം ഉൾപ്പെടെയുള്ള എല്ലാ വകുപ്പകളിലെയും എല്ലാ സെക്ഷനുകൾക്കും
4) എല്ലാ വകുപ്പകൾക്കും വകുപ്പതലവൻമാർക്കും.
5) സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
6) രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
7) അഡ്വക്കേറ്റ് ജനറൽ, എറണാകുളം
8) എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി / സ്പെഷ്യൽ സെക്രട്ടറി/ അഡീഷണൽ സെക്രട്ടറി/ ജോയിന്റ് സെക്രട്ടറി / ഡെപ്യൂട്ടി സെക്രട്ടറി / അണ്ടർ സെക്രട്ടറിമാർ.
9) ഗവർണറുടെ സെക്രട്ടറി.
10) മുഖ്യമന്ത്രിയുടെയും മറ്റ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
11) പ്രതിപക്ഷ നേതാവിന്റെയും ഗവണ്മെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ
12) ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
13) ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറി
14) ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസിലെ ഡെപ്യൂട്ടി സെക്രട്ടറി
5) എല്ലാ സർവ്വകലാശാലകളുടേയും രജിസ്ട്രാർമാർക്ക്.
16) ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
17) എല്ലാ ജില്ലാ ട്രഷറികൾക്കും സബ് ട്രഷറികൾക്കും.
18) നോഡൽ ഓഫീസർ, www.finance.kerala.gov.in, ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
19) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ.
20) സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി **(E-2348653)**

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**